പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ..652   30.06.2016-ൽ മറുപടിക്ക്.

## തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുവാൻ കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതിയാണ് മുൻ ഗവൺമെന്റ് തയ്യാറാക്കിയതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ് സ്കീം) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി പൂർത്തിയാക്കി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ നല്കുമോ; | (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. |
| (സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കുമോ; | (സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 08.07.2015-ലെ സ.ഉ. (അച്ചടി) നമ്പർ |

84/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. ഇതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 കോടി രൂപയോളം വേതന സുരക്ഷാ പദ്ധതി മുഖേന ഇതിനകം കൈമാറി കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ